**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 481 **30.06.2016**-ലെ മറുപടിക്ക്

**മണലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുരളി പെരുനെല്ലി** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളത്; | (എ) | മണലൂർ നിയോജകമണ്ഡലത്തിൽ 82 പട്ടികജാതി കോളനികളാണ് നിലവിലുള്ളത് |
| (ബി) | ഒരു കോളനി പട്ടികജാതി കോളനിയായി പരിഗണിക്കണമെങ്കിൽ അവിടെ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥയെന്നറിക്കാമോ; | (ബി) | ചുരുങ്ങിയത് 10 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നതും 50%-ൽ അധികം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പ്രദേശങ്ങളെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പട്ടികജാതി സങ്കേതമായി പരിഗണിക്കുന്നു. |
| (സി) | പട്ടികജാതി കോളനികളുടെ നിലമെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള പദ്ധതികൾ എന്തെല്ലാം; പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ എന്നുമറിയിക്കാമോ? | (സി) | പട്ടികജാതി കോളനികളിൽ വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവ വിപുലപ്പെടുത്തുന്നതിനും, മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിലേക്കും അവികസിത കോളനിയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായി വകുപ്പിന്റെ കോർപസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തുന്ന തുകയുടെ ഒരു നിശ്ചിത ഭാഗം പട്ടികജാതി സംഖ്യാനുപാതികമായി ജില്ലകൾക്ക് അനുവദിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം മേൽ പരാമർശിച്ച അടിസ്ഥാന സൗകര്യ വികസനത്തിനായി 25 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് ജില്ലാതല കമ്മറ്റിക്ക് അംഗീകാരം നൽകാവുന്നതാണ്. അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ |

| | | | |
|---|---|---|---|
| | | | പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയും, വളരെ ശോചനീയമായ കോളനികളിൽ ഗാന്ധിഗ്രാമം പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾക്ക് പുറമേ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി കോളനികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതികൾക്ക് പുറമേ മറ്റു പാക്കേജുകൾ ഒന്നും തന്നെ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ